# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:31.07.2024**

## പ്രധാനവാർത്തകൾ

1). വയനാട്ടിൽ ദുരന്തം വിതച്ച ഉരുൾപൊട്ടലിൽ മരണസംഖ്യ 200 കടന്നു. വിവിധ സേനാവിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

2) 1,592 പേരെ ഇതിനകം രക്ഷപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. 191 പേരെയാണ് ഇനി കണ്ടെത്താനുള്ളത്. മുണ്ടക്കൈയിൽ താത്കാലിക പാലത്തിൻറെ നിർമാണം നാളെ പൂർത്തിയാവും.

3) വയനാട്ടിലെ കനത്ത മഴയും ഉരുൾപൊട്ടലും സംബന്ധിച്ച് സംസ്ഥാന സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മുന്നറിയിപ്പുകളുടെ ഭാഗമായ നടപടികൾ സംസ്ഥാനം സ്വീകരിച്ചിരുന്നതായി മുഖ്യമന്ത്രി.

4) സംസ്ഥാനത്ത് അതിശക്തമായ മഴ തുടരും. വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. ആറ് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി

5) സംസ്ഥാനത്തെ 49 തദ്ദേശ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ LDF 23 സീറ്റിലും UDF 19 ഇടത്തും NDA മൂന്ന് സീറ്റിലും വിജയിച്ചു.

6) പാരീസ് ഒളിംപിക്സ് അഞ്ചാം ദിനത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യൻ താരങ്ങൾ.

RNUTVPM

==================================

**<u>വയനാട് - ജനറൽ</u>**

വയനാട്ടിൽ ദുരന്തം വിതച്ച ഉരുൾപൊട്ടലിൽ മരണസംഖ്യ 200 കടന്നു. വിവിധ സേനാവിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. 1,592 പേരെ ഇതിനകം രക്ഷപ്പെടുത്താൻ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. 191 പേരെയാണ് ഇനി കണ്ടെത്താനുള്ളത്. കേരളം ഇതിനു മുൻപ് അനുഭവിച്ചിട്ടില്ലാത്തത്രയും വേദനാ ജനകമായ കാഴ്ചകളാണ് ദുരന്തമേഖലയിലെന്നും മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ പൂർണമായും ഇല്ലാതായെന്നും മുഖ്യമന്ത്രി പറഞ്ഞു. പരമാവധിയാളുകളെ ഇവിടെനിന്നും സുരക്ഷിതമായി മാറ്റുന്നതിനുള്ള പ്രവർത്തനം തുടരുകയാണ്.

(ഹോൾഡ്....)

നിലവിൽ മുണ്ടക്കൈ ഭാഗത്തെ രക്ഷാപ്രവർത്തനങ്ങൾക്കാണ് പ്രഥമ പരിഗണന നൽകുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ചൂരൽമലയിലും അട്ടമലയിലും രക്ഷാപ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നു വരികയാണ്. മെഡിക്കൽ ടീമിനെയും മേഖലയിൽ സജ്ജമാക്കിയിട്ടുണ്ട്. അവശിഷ്ടങ്ങൾക്കിടയിൽ നിന്നും മൃതദേഹങ്ങൾ കണ്ടെത്താൻ കെ-9 ടീമിനെയും നിയോഗിച്ചു. ഭക്ഷണവും കുടിവെള്ളവും എത്തിക്കാൻ നാവികസേനയുടെ സഹായവും സ്വീകരിച്ചിട്ടുണ്ട്. മണ്ണിനടിയിലുള്ള മനുഷ്യൻറെ സാന്നിധ്യം കണ്ടെത്തുന്നതിനായി ഐബോഡ് സംവിധാനം ഉപയോഗിക്കാൻ റിട്ടയേർഡ് മേജർ ജനറൽ ഇന്ദ്രപാലൻറെ നേതൃത്വത്തിലുള്ള സംഘത്തിൻറെ സഹായം തേടിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. . കരസേനയും, നാവികസേനയും, ദേശീയ, സംസ്ഥാന ദുരന്തനിവാരണ സേനകളും, ഫയർഫോഴ്സും, പോലീസും,

RIJU TVPM

സന്നദ്ധപ്രവർത്തകരും, നാട്ടുകാരും ചേർന്നാണ് മേഖലയിൽ രക്ഷാപ്രവർത്തനം നടത്തി വരുന്നത്.

മുണ്ടക്കൈയിൽ സൈന്യത്തിന്റെ നേതൃത്വത്തിൽ ബെയ്‌ലി പാലം നിർമിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. പാലത്തിൻറെ നിർമാണം നാളെയോടെ പൂർത്തിയാവും. താൽക്കാലികമായി ഒരാൾക്ക് നടക്കാനുള്ള പാലം ഇന്നലെ സന്ധ്യയോടെ സജ്ജമാക്കാനായത് രക്ഷാപ്രവർത്തനങ്ങളുടെ വേഗം കൂട്ടിയതായും മുഖ്യമന്ത്രി പറഞ്ഞു. മുണ്ടക്കൈയിൽ ഇന്ന് പുഴ മുറിച്ചു കടന്ന് ജെ.സി.ബി എത്തിക്കാനായതും രക്ഷാപ്രവർത്തനത്തിന് സഹായകരമായി. വയനാട് ജില്ലയിലാകെ നിലവിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി 8,017 ആളുകളാണുള്ളത്. മുണ്ടക്കൈ ചെറാട്ട് കുന്ന് കോളനിയിൽ 32 പേരിൽ 26 പേരെ കണ്ടെത്തിയതായും മുഖ്യമന്ത്രി അറിയിച്ചു. റിസോർട്ടുകളിലും മറ്റും കുടുങ്ങിയ നിരവധിപേരെയും ഇന്ന് ദൗത്യസംഘം രക്ഷപ്പെടുത്തി. ദുരന്തത്തിൻറെ രണ്ടാംദിനമായ ഇന്ന് രാവിലെ ഏഴ് മണി മുതൽ സൈന്യത്തിൻറെ നേതൃത്വത്തിൽ രക്ഷാദൗത്യം പുനരാരംഭിച്ചിരുന്നു. രക്ഷാപ്രവർത്തനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് ... (വോയിസ്...)

==================================

**<u>വയനാട് - മലപ്പുറം അപ് ഡേഷൻ</u>**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽപ്പെട്ട 48 പേരുടെ മൃതദേഹങ്ങൾ നിലമ്പൂരിൽ ചാലിയാറിൽ നിന്നും ലഭിച്ചു .16 മൃതദേഹങ്ങളാണ് ഇന്ന് നടത്തിയ തിരച്ചിലിൽ ലഭിച്ചത്.

PNU TVPM

ഇവിടെ കണ്ടെത്തിയ മൃതദേഹങ്ങൾ ഇന്ന് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിന്ന് വയനാട്ടിലേക്ക് കൊണ്ട് പോയി. ബന്ധുക്കൾക്ക് തിരിച്ചറിയാനുള്ള സൗകര്യം പരിഗണിച്ചാണ് എല്ലാ മൃതദേഹങ്ങളും വയനാട്ടിലെത്തിക്കാൻ തീരുമാനിച്ചത്.

==================================

## ഗവർണർ

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇന്ന് ചൂരൽമലയിലെ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.

അപകടത്തിനിരയായവരെ അദ്ദേഹം ആശുപത്രിയിലെത്തി നേരിൽക്കണ്ടു. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം വയനാട്ടിലെത്തിയ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ഇന്ന് മുണ്ടക്കൈയിലെ ദുരന്തബാധിത മേഖലകൾ സന്ദർശിച്ചു. റവന്യൂമന്ത്രി കെ രാജൻ, പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് ഉൾപ്പെടെ അഞ്ച് മന്ത്രിമാരുടെ സംഘമാണ് വയനാട്ടിൽ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ആരോഗ്യമന്ത്രി വീണാ ജോർജും ഇന്ന് വയനാട്ടിലെത്തിയിട്ടുണ്ട്. രക്ഷാപ്രവർത്തനം വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗവും ചേർന്നു. മുഖ്യമന്ത്രി നാളെ വയനാട് സന്ദർശിക്കും. വയനാട്ടിൽ നാളെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷി യോഗം ചേരും.

==================================

## വയനാട് - മന്ത്രിതല യോഗം

വയനാട് ദുരന്തഭൂമിയിൽ നിന്നും രക്ഷപെട്ടുവരുന്നവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ, ചൂരൽമലയിലെ കൺട്രോൾ റൂം കേന്ദ്രീകരിച്ച് ഓക്സിജൻ ആംബുലൻസ്

RNUTVPM

ഉൾപ്പെടെയുള്ള  സൗകര്യങ്ങളൊരുക്കാൻ മന്ത്രിതലയോഗത്തിൽ തീരുമാനം. ഡോക്ടർമാരെയും മറ്റ് ആരോഗ്യ പ്രവർത്തകരെയും ഇവിടെ നിയോഗിക്കും. വയനാട് കലക്ടറേറ്റിൽ ഇന്ന് ചേർന്ന  യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്. ചൂരൽമലയിൽ ജെസിബി നിൽക്കുന്ന സ്ഥലം മുതൽ കൺട്രോൾ റൂം വരെ ആവശ്യത്തിന് വെളിച്ചം ഒരുക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ യോഗത്തിൽ അറിയിച്ചു.

=====================================

**<u>പകർച്ചാവ്യാധി-വീണാ ജോർജ്</u>**

വയനാട്ടിലെ ഉരുൾപൊട്ടലും മറ്റ് ജില്ലകളിലെ ശക്തമായ മഴയും കണക്കിലെടുത്ത് പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. എലിപ്പനി സാധ്യത മുൻനിർത്തി വെള്ളത്തിലിറങ്ങുന്ന സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. എല്ലാ ആശുപത്രികളിലും അവശ്യ മരുന്നുകളും ആൻറി  സ്നേക്ക് വെനവും ഉൾപ്പെടെ ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി. രക്ഷാ ദുരിതാശ്വാസ പ്രവർത്തകർ ഗ്ലൗസ്, മാസ്ക്, ബൂട്ട് മുതലായവ ധരിക്കേണ്ടതാണ്. .

RNUTVPM

=====================================

**<u>വയനാട് - പാർലമെൻറ്</u>**

വയനാട്ടിലെ  കനത്ത മഴയും ഉരുൾപൊട്ടലും സംബന്ധിച്ച് ഈ മാസം <u>23, 24, 25</u> തീയതികളിൽ സംസ്ഥാന സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. പാർലമെൻറിൽ, വയനാട് ദുരന്തം സംബന്ധിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

ഒൻപത് N.D.R.F സംഘങ്ങളെ മുൻകൂട്ടി കേരളത്തിലേക്ക് അയച്ചിരുന്നെന്നും സംസ്ഥാന സർക്കാർ ജാഗ്രത പുലർത്തിയിരുന്നെങ്കിൽ ദുരന്തത്തിൻറെ വ്യാപ്തി കുറയ്ക്കാമായിരുന്നെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ദുരന്തം നേരിടാൻ കേരളത്തിനുള്ള കേന്ദ്രസർക്കാരിൻറെ പിന്തുണ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി. വയനാട്ടിൽ സൈന്യത്തിന്റെ നേതൃത്വത്തിൽ മികച്ച രീതിയിലാണ് രക്ഷാപ്രവർത്തനം പുരോഗമിക്കുന്നതെന്നും ഇത് ജനങ്ങളെ സഹായിക്കാനുള്ള സമയമാണെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. അതേസമയം, കാലാവസ്ഥാ മുന്നറിയിപ്പുകളെ സംസ്ഥാനം ഗൗരവമായാണ് കാണുന്നതെന്നും, പൊതുവായ മുന്നറിയിപ്പുകളുടെ ഭാഗമായ നടപടികൾ സംസ്ഥാനം സ്വീകരിച്ചിരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രതികരിച്ചു. ഓറഞ്ച് ജാഗ്രതാ മുന്നറിയിപ്പാണ് മേഖലയിലുണ്ടായിരുന്നത്. എന്നാൽ ഇതിൽപ്പറയുന്നതിലും വളരെയധികം മഴ പ്രദേശത്ത് പെയ്തതായും മുഖ്യമന്ത്രി വ്യക്തമാക്കി.

==================================

## ദുരിതാശ്വാസ നിധി സംഭാവന

നാടിനെ പുനർ നിർമ്മിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്നും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കഴിയുന്നവരെല്ലാം സംഭാവന നൽകണമെന്നും അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ എല്ലാ മന്ത്രിമാരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ പൊതുമേഖലാ

RNUTVPM

സ്ഥാപനങ്ങളും, എം എ യൂസഫലി, രവി പിള്ള ഉൾപ്പെടെയുള്ള പ്രമുഖ വ്യവസായികളും ദുരിതാശ്വാസ നിധിയിലേക്ക് ധനസഹായം പ്രഖ്യാപിച്ചു.

===================================

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

===================================

**കാസർകോട് - അവധി**

മഴ അതിശക്തമായി തുടരുന്ന സാഹചര്യത്തിൽ വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, തൃശൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമാണ്. മുൻകൂട്ടി പ്രഖ്യാപിച്ച പരീക്ഷകളിൽ മാറ്റമില്ല.

===================================

**കണ്ണൂർ മഴ - (ഇൻട്രോ)**

കണ്ണൂർ ജില്ലയിൽ ഉച്ചയ്ക്ക് ശേഷം വീണ്ടും മഴ ശക്തമായി. മഴക്കെടുതിയും ജില്ലയിൽ രൂക്ഷമായി തുടരുകയാണ്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ...

(ഹോൾഡ്...............)

RIJU TVPM

====================================

**കോഴിക്കോട് - മഴ**

കോഴിക്കോട് ജില്ലയിൽ മഴ ശക്തമായി. പൂനൂർ പുഴയിൽ ജലനിരപ്പ് കൂടിയതിനെ തുടർന്ന് വേങ്ങേരി, കണ്ണാടിക്കൽ ഭാഗങ്ങളിൽ നിന്ന് തീരവാസികളെ ഒഴിപ്പിച്ചു. 110 ക്യാമ്പുകളാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. അതിനിടെ, കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടലിനെ തുടർന്ന് ചെക്യാട്- നാദാപുരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പാലം അപകടത്തിലായി. ഉരുൾപൊട്ടലിൽ കാണാതായ ആൾക്കായുള്ള തെരച്ചിൽ താൽക്കാലികമായി അവസാനിപ്പിച്ചു.

====================================

**ഉരുൾപൊട്ടി**

കോഴിക്കോട് വടകര താലൂക്ക് വിലങ്ങാട് വീണ്ടും ഉരുൾ പൊട്ടി. ആളപായം ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രദേശത്ത് ഇന്നലെയുണ്ടായ ഉരുൾപൊട്ടലിൽ ഒരാളെ കാണാതായിരുന്നു.

RNUTVPM

====================================

**വയനാട് - താമരശ്ശേരി ചുരം**

വയനാട് താമരശ്ശേരി ചുരം റോഡിൽ വിള്ളൽ പ്രത്യക്ഷപ്പെട്ടു. വലിയ വാഹനങ്ങൾ നിയന്ത്രണങ്ങളോടെയാണ് ഇവിടെ കടത്തിവിടുന്നത്.

====================================

**മലമ്പുഴ അണക്കെട്ട്-ജാഗ്രത**

മലമ്പുഴ അണക്കെട്ടിൻറെ വൃഷ്ടിപ്രദേശത്ത് മഴ തുടരുകയാണെങ്കിൽ സ്പിൽവേ ഷട്ടറുകൾ അടുത്ത ദിവസങ്ങളിൽ തുറക്കേണ്ടി വരുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. മുക്കൈപ്പുഴ, കൽപാത്തിപ്പുഴ,

ഭാരതപ്പുഴ തുടങ്ങിയ പുഴകളുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

==================================

**ഉപതിരഞ്ഞെടുപ്പ്**

സംസ്ഥാനത്ത് ഇന്നലെ നടന്ന 49 തദ്ദേശ സ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പൂർത്തിയായി. 23 ഇടത്ത് LDF ഉം 19 ഇടത്ത് UDF ഉം NDA മൂന്നിടത്തും, 4 സീറ്റുകളിൽ സ്വതന്ത്ര സ്ഥാനാർത്ഥികളും വിജയിച്ചു.

==================================

**ഒളിമ്പിക്സ്**

പാരീസ് ഒളിംപിക്സ് അഞ്ചാം ദിനത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യൻ താരങ്ങൾ. ബോക്സിങ്ങ് വനിതകളുടെ 75 കിലോഗ്രാം വിഭാഗത്തിൽ ലവ്ലിന ബോർഗോഹൈൻ ക്വാർട്ടറിൽ പ്രവേശിച്ചു. ബാഡ്മിന്റൺ വനിതാ സംഗിൾസിൽ പി.വി. സിന്ധു പ്രി-ക്വാർട്ടറിൽ കടന്നു. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ലക്ഷ്യ സെന്നും പ്രീക്വാർട്ടറിൽ പ്രവേശിച്ചു. വനിതകളുടെ വ്യക്തിഗത വിഭാഗം അമ്പെയ്ത്തിൽ ദീപിക കുമാരി അടുത്ത റൗണ്ടിലേക്ക് മുന്നേറി. വനിതകളുടെ ടേബിൾ ടെന്നീസിൽ ശ്രീജ അകുല പ്രീ ക്വർട്ടറിൽ പ്രവേശിച്ചു. പുരുഷവിഭാഗം ഷൂട്ടിങ് 50 മീറ്റർ റൈഫിൾ 3 പൊസിഷൻസിൽ ഇന്ത്യയുടെ സ്വപ്നിൽ കുശാലെ ഫൈനലിൽ കടന്നു.

RJU TVPM

==================================

**വയനാട് - ജി.ആർ അനിൽ**

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൻറെ സാഹചര്യത്തിൽ റിലീഫ് ക്യാമ്പുകളിൽ ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, പെട്രോൾ, ഡീസൽ പമ്പുകളിൽ ഇന്ധന

ലഭ്യത ഉറപ്പുവരുത്തുന്നതിനും ദുരന്ത മേഖലയിൽ മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുന്നതിനും മന്ത്രി ജി.ആർ അനിൽ നിർദ്ദേശം നൽകി. വയനാട്ടിൽ ചേർന്ന പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥരുടെ  അടിയന്തിരയോഗത്തിലാണ് നിർദ്ദേശം.

==================================

**<u>വയനാട് - കെ.എസ്.ഇ.ബി</u>**

വയനാട്ടിലെ  ഉരുൾപൊട്ടൽ കേന്ദ്രത്തിൽ നിന്നും നാല് കിലോമീറ്റർ സമീപം വരെ വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചതായി കെ.എസ്.ഇ.ബി.  ചൂരൽമല ടെലിഫോൺ എക്സ്ചേഞ്ച് വരെയും, ഉരുൾപൊട്ടലിനെ തുടർന്ന് പാലം ഒലിച്ചുപോയ ചൂരൽമല ടൗൺ വരെയും വൈദ്യുതി ശൃംഖല  പുനർനിർമ്മിച്ചാണ് വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചത്. ഉരുൾപൊട്ടൽ നടന്ന സ്ഥലത്ത് വൈദ്യതി പുന:സ്ഥാപന ശ്രമങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല. K.S.E.B യുടെ രണ്ട് സംഘങ്ങൾ മേഖലയിൽ സജ്ജമാണ്.

RNI TVPM

==================================

**<u>വയനാട് - ജാഗ്രത</u>**

വയനാട് ജില്ലയിൽ അതിതീവ്ര മഴ പെയ്യുന്ന സാഹചര്യത്തിൽ ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിലും മുൻ വർഷങ്ങളിൽ ഉരുൾപൊട്ടിയ പ്രദേശങ്ങളിലുമുള്ളവർ ജാഗ്രത പുലർത്തണമെന്ന് വയനാട് ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ അറിയിച്ചു. കുറുമ്പാലക്കോട്ട, ലക്കിടി മണിക്കുന്നു മല, മുട്ടിൽ കോൽപ്പാറ കോളനി,കാപ്പിക്കളം, സുഗന്ധഗിരി, പൊഴുതന പ്രദേശങ്ങളിൽ  അതീവ ജാഗ്രത പുലർത്തണം. അപകട ഭീഷണി നിലനിൽക്കുന്നതിനാൽ ക്യാമ്പിലേക്ക് മാറാൻ

ആവശ്യപ്പെട്ടിട്ടുള്ളവർ എത്രയും വേഗം താമസസ്ഥലത്തു നിന്നും ക്യാമ്പുകളിലേക്ക് മാറണമെന്നും കളക്ടർ അറിയിച്ചു.

==================================

**സന്ദർശനം ഒഴിവാക്കൽ**

വയനാട് ഉരുൾ പൊട്ടലുണ്ടായ ദുരന്ത മേഖലയിലേക്ക് അനാവശ്യമായ സന്ദർശനം ഒഴിവാക്കേണ്ടതാണെന്ന് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചു. രക്ഷാപ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്ന വിധം ദുരന്ത മേഖലയിൽ കാഴ്ചക്കാരായി നിൽക്കുന്ന പ്രവണത ഒഴിവാക്കണമെന്നും പൊതുജനങ്ങളോട് സർക്കാർ അഭ്യർത്ഥിച്ചു

==================================

**ട്രോളിങ് നിരോധനം - (ഇൻട്രോ)**

സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം
ഇന്ന് അർദ്ധരാത്രി അവസാനിക്കും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി
കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....
(വോയിസ്.......)

RNU TVPM

==================================

**മന്ത്രിസഭ -ഏഷ്യൻ ഗെയിംസ്**

2018- ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മികച്ച പ്രകടനം നടത്തി മെഡൽ നേടിയ അഞ്ച് മലയാളി കായികതാരങ്ങൾക്ക് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ തസ്തികയ്ക്ക് സമാനമായി അസിസ്റ്റൻ്റ് സ്പോർട്സ് ഓർഗനൈസർ തസ്തിക സൃഷ്ടിച്ച് നിയമനം നൽകാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു. പി. യു ചിത്ര, വി കെ വിസ്മയ, കുഞ്ഞുമുഹമ്മദ്, വി നീന, മുഹമ്മദ് അനസ് യഹിയ എന്നിവർക്കാണ് നിയമനം.

==================================

## കീം അലോട്ട്മെൻറ്

സംസ്ഥാനത്തെ എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്ക് 2024 – 2025 അധ്യയന വർഷത്തെ കേന്ദ്രീകൃത കീം അലോട്ട്മെൻറ് നടപടികൾ ആരംഭിച്ചു.

വിദ്യാർഥികൾക്ക് ആഗസ്റ്റ് അഞ്ച് രാവിലെ 11 വരെ വിവിധ എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

==================================

## മനുഷ്യാവകാശ കമ്മീഷൻ

മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷനായി ജസ്റ്റിസ് അലക്സാണ്ടർ തോമസ് നാളെ ചുമതലയേൽക്കും. കേരള ഹൈക്കോടതി ആക്ടിങ് ചീഫ് ജസ്റ്റിസായിരുന്നു അദ്ദേഹം.

==================================

==================================

==================================

==================================

RNU TVPM